32

# "അവൻ പലതും ഉപമകളായി സംസാരിച്ചു"

***വായനാ ഭാഗം #12***

V. രണ്ടാമത്തെ പെസഹ മുതൽ മൂന്നാമത്തേതു വരെ (തുടർച്ച).

O. ആദ്യത്തെ വലിയ കൂട്ടം ഉപമകൾ.[1]

1. സന്ദർഭവും ഒരുക്കവും (മത്താ. 13:1–3; മർക്കൊ. 4:1, 2; ലൂക്കൊ. 8:4).
2. വിതെക്കുന്നവന്റെ ഉപമയും – വിശദീകരണവും (മത്താ. 13:3–23; മർക്കൊ. 4:3–25; ലൂക്കൊ. 8:5–18).
3. നിശബ്ദ വളർച്ചയുടെ ഉപമ (മർക്കൊ. 4:26–29).
4. കളയുടെ ഉപമ (മത്താ. 13:24–30).
5. കടുകുമണിയുടേയും പുളിച്ച മാവിന്റെയും ഉപമ (മത്താ. 13:31–35; മർക്കൊ. 4:30–34).
6. കളയുടെ ഉപമ വിശദമാക്കി (മത്താ. 13:36–43).
7. നിധിയുടേയും മുത്തിന്റെയും ഉപമ (മത്താ. 13:44–46).
8. വലയുടെ ഉപമ (മത്താ. 13:47–53).

**മുഖവുര**

കഴിഞ്ഞ പാഠത്തിൽ, "തിരക്കുള്ള ഒരു ദിവസം" എന്ന് വിളിക്കുന്നതിനെ കുറിച്ചു നാം വിശദമായ പരിശോധന നടത്തി. യേശു ഭൂതങ്ങളുടെ തലവനെ കൊണ്ടാണ് ഭൂതത്തെ പുറത്താക്കിയതെന്ന് പരീശന്മാർ അവനെ കുറ്റം ചുമത്തിയതായിരുന്നു ആ ദിവസത്തെ ഒരു മുഖ്യ സംഭവം. തുടർന്നുണ്ടായ ഏറ്റുമുട്ടൽ യേശുവിന്റെ ശുശ്രൂഷയിലെ ഒരു വഴിത്തിരിവായി മാറി. യേശു തന്റെ പ്രസംഗ ശൈലി മാറ്റിയതായിരുന്നു അതിന്റെ ഒരു ഫലം: കൂടുതൽ കൂടുതൽ അവന്റെ പരസ്യോപദേശങ്ങൾ ഉപമകളിലൂടെ നൽകി തുടങ്ങി (മത്തായി 13:34, 35; മർക്കൊസ് 4:33, 34). അതിന്റെ മറ്റൊരു അനന്തരഫലം രേഖപ്പെടുത്തിയിരിക്കുന്നത് അവൻ ഗലീലാ കടലിന് അക്കരെക്കു വാങ്ങിപോയി എന്നതായിരുന്നു (മർക്കൊസ് 4:33, 35). അടുത്ത പാഠത്തിൽ കടൽ യാത്രയെ കുറിച്ചു നാം പഠിക്കുന്നു. ഇതിൽ, നാം കൂടുതൽ ശ്രദ്ധ നൽകുന്നത് കർത്താവിന്റെ "ആദ്യത്തെ മഹത്തായ ഒരു പറ്റം ഉപമകളെ"[2] കുറിച്ചാണ്.

യേശുവിന്റെ അമ്മയും സഹോദരന്മാരും അവനെ കാണുവാൻ വന്ന സംഭവത്തോടെയാണ് കഴിഞ്ഞ പാഠം അവസാനിച്ചത് (മത്തായി 12:46–50). അതിനെ തുടർന്ന്, ക്രിസ്തു താൻ ഉപദേശിച്ചുകൊണ്ടിരുന്ന വീട്ടിൽ നിന്ന് തനിക്കിഷ്ടമുള്ള മറ്റൊരു സ്ഥാനത്തേക്കു പോയി: ഗലീലാ കടൽക്കരയിലേക്ക് (മത്തായി 13:1; മർക്കൊസ് 4:1). സാധാരണ പോലെ, അവനെ കേൾക്കുവാൻ എല്ലായിടത്തുനിന്നും ആളുകൾ വന്നു (ലൂക്കൊസ് 8:4), ഒരിക്കൽ

കൂടെ പുരുഷാരം കരയിൽ നിൽക്കുമ്പോൾ ഒരു പടകിൽനിന്നുകൊണ്ടു സംസാരിക്കുവാൻ അവൻ നിർബന്ധിതനായി (മത്തായി 13:2; മർക്കൊസ് 4:1).

സന്ദർഭം നിങ്ങൾക്കു പരിചയമുണ്ടായിരിക്കാം, എന്നാൽ അവന്റെ പ്രസംഗം പരിചിതമായതല്ല: അതിൽ അസംഖ്യം സംഭവങ്ങൾ ഉൾപ്പെടുന്നുണ്ട് – അവയെല്ലാം ചെറുതാണ്, ചിലത് തീരെ ചെറുതാണ്. "അവൻ അവരോടു പലതും ഉപമകളായി പ്രസ്താവിച്ചു" (മത്തായി 13:3; നോക്കുക മർക്കൊസ് 4:2).

യേശു മുൻപും ഉപമകൾ ഉപയോഗിച്ചിട്ടുണ്ട്. ഗിരിപ്രഭാഷണത്തെ കുറിച്ചുള്ള ലൂക്കൊസിന്റെ വിവരണത്തിൽ, കുരുടൻ കുരുടനെ വഴികാട്ടുന്നതിനെ കുറിച്ച് ക്രിസ്തു "ഒരു ഉപമ പറഞ്ഞു" എന്ന് പറഞ്ഞിരിക്കുന്നു (ലൂക്കൊസ് 6:39). പരീശനായിരുന്ന ശിമോനോടുകൂടെ യേശു ഭക്ഷിച്ചപ്പോൾ, രണ്ടു കടക്കാരെ കുറിച്ചുള്ള ഉപമ അവൻ നൽകി (ലൂക്കൊസ് 7:41, 42).[3] ഏഴു ഭൂതങ്ങളെ കുറിച്ചുള്ള അവന്റെ ചിത്രീകരണത്തെ ഒരു ഉപമയായിട്ടാണ് പലരും കണക്കാക്കുന്നത് (ലൂക്കൊസ് 11:24–26).[4] ഈ സന്ദർഭത്തെ കുറിച്ചു വ്യത്യസ്തമായത് എന്തെന്നാൽ വ്യാപകമായും പ്രത്യേകമായും ക്രിസ്തുവിന്റെ ഉപമകളുടെ ഉപയോഗമായിരുന്നു. മത്തായി എഴുതി, "ഇതു ഒക്കെയും യേശു പുരുഷാരത്തോടു ഉപമകളായി പറഞ്ഞു, ഉപമ കൂടാതെ അവരോടു ഒന്നും പറഞ്ഞില്ല"[5] (മത്തായി 13:34; മർക്കൊസ് 4:33, 34 നോക്കുക). തന്റെ ഉപദേശത്തെ ചിത്രീകരിക്കുന്നതിന് ഉപമകൾ ഉപയോഗിക്കുന്നതിനു പകരം, ഉപമകൾ അവന്റെ ഉപദേശത്തിനുള്ള ഉപകരണമായി തീർന്നു.

യേശുവിന്റെ ശുശ്രൂഷയിൽ തുടർന്നും ഉപമകൾക്ക് പ്രാധാന്യം ഉള്ളതുകൊണ്ട്, ഉപമകളെ കുറിച്ച്, പൊതുവായി നാം ചർച്ച ചെയ്യേണ്ടതുണ്ട്. പിന്നെ "തിരക്കുള്ള ദിവസ" ത്തെ കുറിച്ചു, ക്രിസ്തു സംസാരിച്ച പത്ത് ഉപമകളെ കുറിച്ച് നാം ചുരുക്കത്തിൽ പഠിക്കും.

### ഉപമകൾ: ഒരു വിശുദ്ധീകരണം
### (മത്താ. 13:10-17; മർക്കൊ. 4:10-13, 21-25; ലൂക്കൊ. 8:9, 10, 16-18)

ഉപമകൾ ഉപയോഗിച്ചത് യേശുക്രിസ്തുവെന്ന ഏക ഉപദേഷ്ടാവു മാത്രമായിരുന്നില്ല. പഴയനിയമ പ്രാസംഗികരുടെ പ്രസംഗത്തിന്റെ ഭാഗമായിരുന്നു ഉപമകൾ (സങ്കീർത്തനങ്ങൾ 78:2;[6] യെഹെസ്കേൽ 17:2; 20:49; 24:3; ഹോശേയ 12:10). അപ്പോഴും, ക്രിസ്തു "ഉപമകളുടെ ഉപയോഗത്താൽ ഏതൊരു സാമൂഹിക പദവികൊണ്ടും ശ്രദ്ധേയനായ ചരിത്രത്തിലെ ഏക അദ്ധ്യാപകനായിരുന്നു."[7] എപ്പോഴെല്ലാം ഉപമകൾ പറഞ്ഞിരിക്കുന്നുവോ, അപ്പോഴെല്ലാം നാം അവനെ കാണുന്നു എന്നതിന് തർക്കമില്ല.

എഫ്. ലഗാർഡ് സ്മിത്ത് എഴുതി, "ഒരു വലിയ ഉപദേഷ്ടാവായി, യേശു തന്റെ ശിഷ്യന്മാർക്ക് പല വിധത്തിൽ നിർദ്ദേശങ്ങൾ നൽകിയിരുന്നു... . അവന്റെ എല്ലാ രീതികളിലും, എങ്ങനെയായാലും, അവന്റെ ഉപദേശത്തിലെ ഒരുപക്ഷെ ഏറ്റവും രസകരവും പ്രത്യേകവുമായ രീതി ഉപമകൾ ഉപയോഗിക്കുന്നതായിരുന്നു."[8] എച്ച്. ഐ. ഹെസ്റ്റർ പറഞ്ഞു, "യേശുവിന്റെ ഉപമകൾ സാഹിത്യ ഭംഗിക്ക് മികവുറ്റതല്ലാത്തതാണ്: 'അവ ലോകസാഹിത്യത്തിൽ ഏറ്റവും ഉയർന്നുനിൽക്കുന്നതും, അതിൽ ലാളിത്യവും, അഗാധത്വവും, പ്രാഥമിക വികാരവും ആത്മീകമായ തീക്ഷ്ണതയും ഒന്നിച്ചു ചേരുന്നു.' "[9]

**ഉപമകൾ: എന്ത്?**

"ഉപമ" എന്ന വാക്ക് സംയുക്ത ഗ്രീക്ക് വാക്കിൽനിന്നു *(പാരബോലെ)* വന്നിട്ടുള്ളതും "എലോങ്സൈഡ്" *(പാരാ)* എന്ന അർത്ഥമുള്ള ഗ്രീക്ക് പ്രിപ്പൊസിഷനെ "ടു ത്രോ" *(ബാലോ)* എന്ന അർത്ഥമുള്ള വാക്കിന്റെ നാമ രൂപവുമായി അതു യോജിപ്പിക്കുകയും ചെയ്യുന്നു. അതിന്റെ അക്ഷരിക മായ അർത്ഥം "ദാറ്റ് വിച്ച് ഇസ് ത്രോൺ എലോങ് സൈഡ്" എന്നാണ്. അതിന് "പാരലൽ" എന്ന വാക്കുമായി ബന്ധമുണ്ട്, അതിനെ രണ്ട് സമാന്ത രരേഖകൾ വരച്ചുകൊണ്ട് ചിത്രീകരിക്കാം:

ഒരു ഉപമയിൽ, ഒരു പ്രസ്താവന അല്ലെങ്കിൽ സംഭവം (സംസാരിച്ച) ആത്മീയ സത്യത്തെ (പൊതുവെ പറയപ്പെടാത്ത) "പറയപ്പെടാതെ പിൻത ള്ളുന്നു." പ്രസ്താവന അല്ലെങ്കിൽ സംഭവം പൊതുവെ ലളിതമായി തോന്നാം, എന്നാൽ അതിന്റെ ഉദ്ദേശം ആഴമേറിയ, പ്രാധാന്യമുള്ള ഒരു സത്യത്തെ പഠിപ്പിക്കുക എന്നതാണ്. ആ സമാന്തരമാകുന്ന അവസ്ഥയെ താഴെ കൊടു ത്തിരിക്കുന്ന വിധത്തിൽ ചിത്രീകരിക്കാം:

*സംസാരിച്ച പ്രസ്താവന അല്ലെങ്കിൽ സംഭവം*

*പറയപ്പെടാത്ത ആത്മീയ സത്യം*

ഹെർമെന്യൂട്ടിക്സിനെ[10] കുറിച്ചുള്ള ചില പുസ്തകങ്ങളിൽ, ഉപമയുടെ സാങ്കേതിക നിർവ്വചനം "വിപുലമായ സാദൃശ്യം"[11] ആണ്. ഒരു സാദൃശ്യം ("സിം-അ-ലി" എന്ന് ഉച്ചരിക്കുന്ന) എന്നത് ഒരു താരതമ്യം ഉണ്ടാക്കുന്ന സംസാര പ്രയോഗമാണ്, പൊതുവായി "ലൈക്ക്" അല്ലെങ്കിൽ "ആസ്" എന്ന വാക്ക് ഉപയോഗിക്കുന്നു. "സ്ലൈ ലൈക്ക് എ ഫോക്സ്" എന്നതും "റെഡ് ആസ് എ ബീറ്റ്" എന്നതും സാദൃശ്യമുള്ളവയാണ്. ചില ഉപമകൾ ഈ നിർവ്വചനത്തോടു യോജിക്കുന്നവയാണ്; എന്നാൽ പുതിയ നിയമത്തിൽ, ഈ വിധത്തിൽ ആ വാക്കിനെ പരിമിതപ്പെടുത്തിയിട്ടില്ല. ചില ഉപമകൾ തുടങ്ങുന്നത് "ലൈക്ക്," "ആസ്," അല്ലെങ്കിൽ അതുപോലെ ഉള്ള ചില വാക്ക് ഉപയോഗിച്ചാണ് (മത്തായി 13:31, 33, 44, 45), എന്നാൽ എല്ലാം അങ്ങനെയല്ല (മത്തായി 13:3; ലൂക്കൊസ് 7:41, 42 നോക്കുക). കൂടാതെ, ചിലപ്പോൾ ആ വാക്കിന്റെ ഒരർത്ഥത്തിലും ഉപമ "വിപുലമാ" ക്കിയിട്ടില്ല, എന്നാൽ അത് വളരെ ചുരുക്കമായിട്ടായിരിക്കും (ലൂക്കൊസ് 6:39).

ഉപമയെ "സ്വർഗ്ഗീയ അർത്ഥത്തോടുകൂടിയ ഒരു ഭൗമികസംഭവം" എന്നും വിളിച്ചിട്ടുണ്ട്. അറിയപ്പെടുന്ന ഉപമകളിൽ ചിലത് ഇതിനോടു യോജി ക്കുന്നു, അതിൽ നല്ല ശമര്യക്കാരന്റെ ഉപമയും (ലൂക്കൊസ് 10:30-37)

കാണാതെ പോയ മകന്റെ ഉപമയും ഉൾപ്പെടുന്നു (ലൂക്കൊസ് 15:11–32), എന്നാൽ ചില ഉപമകളെ സംഭവങ്ങളായി തരം തിരിക്കുക പ്രയാസമാണ് (ലൂക്കൊസ് 6:39; 8:16 നോക്കുക).

യേശുവിന്റെ പറയപ്പെട്ട വ്യത്യസ്ത ഉപമകളെ പരിശോധിച്ചുനോക്കുക, അപ്പോൾ സാദൃശ്യങ്ങളായും, രൂപകാലങ്കാരമായും, ദൃഷ്ടാന്തങ്ങളായും, അല്ലെങ്കിൽ മറ്റു സംസാരപ്രയോഗത്തിന്റെ താരതമ്യാലങ്കാരമായും തരം തിരിക്കാവുന്ന വേദഭാഗങ്ങൾ നിങ്ങൾക്കു കാണാം. ചിലപ്പോൾ നാം സാധാരണ ചിത്രീകരണമെന്നു[12] വിളിക്കുന്നവയാണ് ആ ഉപമകൾ. ലൂക്കൊസ് 4:23–ൽ യേശു ഒരു പഴഞ്ചൊല്ലിനെ ഉപമയായി[13] സൂചിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട്, പുതിയ നിയമത്തിലെ ഒരുപമയെ ഒരുപരിധിവരെ, പരിചയമുള്ള സാഹചര്യങ്ങളും[14] പരിചയമില്ലാത്ത ആത്മീയ സത്യവും തമ്മിലുള്ള വ്യത്യാസം എടുത്തുകാണിക്കുന്ന ഒന്നായി മാത്രം ചിന്തിക്കുന്നതാണ് നല്ലത്. ആദ്യത്തേത് പൊതുവായി പറഞ്ഞിരിക്കുന്നതാണ്, എന്നാൽ രണ്ടാമത്തേത് പൊതുവായി പറയാത്തതും എന്നാൽ അന്തർലീനമാക്കിയതുമാണ്.

**ഉപമകൾ: എന്തിന്?**

ആ പ്രത്യേക സാഹചര്യത്തിൽ യേശുവിന്റെ ഉപമകളുടെ വിപുലമായ ഉപയോഗം ശിഷ്യന്മാരെ ആശ്ചര്യപ്പെടുത്തി. അവൻ അവസാനിപ്പിച്ചപ്പോൾ, അവർ രഹസ്യത്തിൽ അവന്റെ അടുക്കൽ വന്നുചോദിച്ചു, "അവരോടു ഉപമകളായി സംസാരിക്കുന്നതു എന്തു?" (മത്തായി 13:10). ക്രിസ്തു ഉപമകൾ ഉപയോഗിച്ച*ത്* എന്തുകൊണ്ട്?

*ഒന്ന്, തുറന്ന-മനസ്സുള്ളവർക്ക് സത്യം വെളിപ്പെടുത്തുന്നതിനായിരുന്നു അവൻ ഉപമകൾ ഉപയോഗിച്ചത്.* ഒരു നിയമമായി, ഉപമകളുടെ ഉദ്ദേശത്തെ നാം പരിഗണിക്കുമ്പോൾ, ആദ്യം അവയുടെ ക്രിയാത്മക വിലയെ കുറിച്ചാണ് നമ്മൾ ചിന്തിക്കുന്നത്:

- ഉപമകൾ നമ്മുടെ ശ്രദ്ധയെ പിടിച്ചുപറ്റുന്നു: ഏതാണ്ട് എല്ലാവർക്കും കഥ ഇഷ്ടമാണ്.
- ഉപമകൾ നമ്മുടെ ചിന്തകളെ ഉണർത്തുന്നു: നമ്മെ ഇങ്ങനെ ചോദിക്കുവാൻ അവ പ്രേരിപ്പിക്കും, "എന്താണതിന്റെ അർത്ഥം?"
- ഉപമകൾ നമ്മുടെ മനസ്സിലാക്കലിനെ പ്രകാശിപ്പിക്കുന്നു: അവ മനസ്സിലാക്കുവാൻ പ്രയാസമുള്ള തത്വങ്ങളെ ചിത്രീകരിക്കുന്നു.
- ഉപമകൾ നമ്മുടെ ഓർമ്മശക്തിയെ സുഗമമാക്കുന്നു: അവ ഓർമ്മിക്കുവാൻ എളുപ്പമാണ്.

ആത്മീയമായ ആശയങ്ങളെ മനസ്സിലാക്കുവാനും അഭിനന്ദിക്കുവാനും നമ്മെ സഹായിക്കുന്നവയാണ് ഉപമകൾ. യേശുവിന്റെ ശിഷ്യന്മാരെയും അവ സഹായിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ, സംശയമില്ല. ഒരു ബുദ്ധിയുള്ള ഉപദേഷ്ടാവിനെ "തന്റെ നിക്ഷേപത്തിൽ നിന്ന് പുതിയതും പഴയതും എടുത്തു കൊടുക്കുന്ന" ഒരു വീട്ടുടയവനോടു ക്രിസ്തു സദൃശ്യപ്പെടുത്തി (മത്തായി 13:52). പുരാതന സത്യങ്ങളെ പഠിപ്പിക്കുന്ന ഒരു പുതിയ രീതിയായിരുന്നു ഉപമകൾ.

*രണ്ട്, മനസ്-അടച്ചുവെച്ചവരിൽ നിന്നു സത്യം മറച്ചുവെക്കുവാൻ*

*അവൻ ഉപമകൾ ഉപയോഗിച്ചു.* താൻ എന്തുകൊണ്ടാണ് ഉപമകളാൽ സംസാരിക്കുന്നതെന്ന് അവന്റെ ശിഷ്യന്മാർ ചോദിച്ചതിന്ന്, അവൻ ക്രിയാത്മകതയിലല്ല ശ്രദ്ധിച്ചത്, നിഷേധത്തിലായിരുന്നു. അവൻ പറഞ്ഞു, "അതുകൊണ്ടു അവർ കണ്ടിട്ടു കാണാതെയും, കേട്ടിട്ടു കേൾക്കാതെയും, ഗ്രഹിക്കാതെയും ഇരിക്കയാൽ; ഞാൻ ഉപമകളായി അവരോടു സംസാരിക്കുന്നു" (മത്തായി 13:13). യെശയ്യാ പ്രവചനമാണ് അവൻ ഉദ്ധരിച്ചത്: "ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു, അവർ ചെവികൊണ്ടു മന്ദമായി കേൾക്കുന്നു, കണ്ണു അടെച്ചിരിക്കുന്നു ..." (മത്തായി 13:15; നോക്കുക യെശയ്യാവു 6:10).

ഈ വാക്കുകൾ നിങ്ങൾ വായിക്കുമ്പോൾ, സന്ദർഭം മനസിൽ വെക്കുക: യേശു ഭൂതത്തെ പുറത്താക്കുന്നതു ഭൂതങ്ങളുടെ തലവനായ ബെയെത്സെബൂലിനെക്കൊണ്ടാണെന്നു പറഞ്ഞ പരീശന്മാർ, തങ്ങളുടെ ഹൃദയം ചികിൽസിക്കുവാനാകാത്തവിധത്തിൽ കഠിനപ്പെട്ടു എന്നാണ് കാണിച്ചത്. യേശുവിൽനിന്നു സത്യം മനസിലാക്കേണ്ടതിനല്ല അവർ അവനെ ശ്രവിച്ചത്, എന്നാൽ അവനെ കുടുക്കുവാൻ കുറ്റം കണ്ടെത്തേണ്ടതിനാണ് എന്നത് സ്പഷ്ടമാണ്. ആ ശത്രുതയുടെ അന്തരീക്ഷത്തിൽ, യേശു "കഥകൾ" പറയുവാൻ തുടങ്ങി – ആ കഥകൾ ഒരുപക്ഷെ പഠിക്കുവാൻ മനസില്ലാത്തവർക്ക് വിഡ്ഢിത്തമായി തോന്നിയേക്കാം, എന്നാൽ ആ കഥകളുടെ അർത്ഥം സമയം എടുത്ത് ഗ്രഹിക്കണമെന്ന മനസുള്ളവർക്ക് അവ അറിവു നൽകുന്നവയായിരുന്നു (മത്തായി 13:16, 17).

അങ്ങനെ ഉപമകൾ സത്യസന്ധതയുള്ളവരെ ഹൃദയകാഠിന്യമുള്ളവരിൽ നിന്നു വേർപെടുത്തി. ഒരർത്ഥത്തിൽ, അവ മനസ്–അടച്ചുപിടിച്ചിരിക്കുന്നവർക്ക് ന്യായവിധിയായിതീർന്നു.

**ഉപമകൾ: എങ്ങനെ?**

ക്രിസ്തുവിന്റെ ഉപദേശ ശുശ്രൂഷയെ കുറിച്ചുള്ള പഠനത്തിൽ ഉപമകൾ വളരെയധികം പങ്ക് വഹിക്കുന്നതുകൊണ്ട്, അവ എങ്ങനെ വ്യാഖ്യാനിക്കണമെന്നതിനെ കുറിച്ചു ചുരുങ്ങിയ വാക്കുകൾ നാം പറയേണ്ടതുണ്ട്.

ബൈബിൾപരമായ ഭാഷാപ്രയോഗത്തെ വ്യാഖ്യാനിക്കുന്നതിനുള്ള പൊതുവായ ക്രമത്തിന് മൂന്നു നടപടികളാണുള്ളത്: (1) അലങ്കാരം മനസിലാക്കുക; (2) അതുമായി ബന്ധപ്പെട്ട ബൈബിൾ സത്യത്തെ ഉറപ്പിക്കുക; (3) രണ്ടിലും പൊതുവായുള്ളത് കണ്ടെത്തുക. ഉപമകളുടെ പഠനത്തിന് ഇനി പറയുന്ന നടപടികൾ കൈക്കൊള്ളാവുന്നതാണ്: (1) സംഭവത്തിന്റെ പശ്ചാത്തലം ആയാലും യേശുവിന്റെ പ്രസ്താവന ആയാലും കഴിയുന്നതും മനസിലാക്കുക. അവന്റെ ആദ്യ ശ്രോതാക്കൾക്ക് പരിചിതമായ രീതിയിലാകാം അവ ക്രമപ്പെടുത്തിയിരുന്നത്, എന്നാൽ ചില ക്രമപ്പെടുത്തൽ നമുക്ക് ഇന്ന് അപരിചിതമാണ്. (2) പഠിപ്പിച്ചിട്ടുള്ള അടിസ്ഥാനപരമായ സത്യം നാം കണ്ടെത്തണം. ചിലപ്പോൾ, യേശു ഉപമ വിശദമാക്കി കൊടുത്തിട്ടുണ്ട് (മത്തായി 13:18–23, 36–43). ചില സന്ദർഭങ്ങളിൽ ഉപമ പ്രായോഗികമാക്കിക്കൊണ്ടു വ്യക്തമാക്കുന്നു (ലൂക്കൊസ് 7:42–47; 10:29, 36, 37; 12:40). ഉപമയുടെ സന്ദേശത്തിന്റെ ഒരു സൂചന പലപ്പോഴും സന്ദർഭം നല്കുന്നുണ്ട് (ലൂക്കൊസ് 15:1–3; 18:1). ചിലപ്പോൾ നിങ്ങൾക്ക് ലഭിക്കുന്ന ഏക സഹായം ക്രിസ്തുവിന്റെ രാജ്യത്തിന്റെ സത്യത്തെക്കുറിച്ചുള്ള പൊതുവായ പരിജ്ഞാനമാകാം. (3) അവസാനമായി, ഉപമ എങ്ങനെ അടിസ്ഥാനപരമായ സത്യത്തിൽ

വെളിച്ചം പകരുന്നു എന്നു കാണുവാൻ ഉപമയും സത്യവും ചേർത്ത് വെച്ചു നോക്കുക.

മൂന്നാമത്തെ പടിയുമായി ബന്ധപ്പെട്ട്, ഒരു നിയമമായി, ഓരോ ഉപമയിലും *കേന്ദ്രീകരിച്ചിട്ടുള്ള ഒരു സത്യം* ഊന്നിപ്പറഞ്ഞിരിക്കുന്നു, എന്നു നാം മനസിലാക്കണം. ഇതിനു ഒഴികഴിവുകൾ ഉണ്ട് (നാം രണ്ടാമത്തേത് ഈ പാഠത്തിൽ പിന്നീട് പഠിക്കും), എന്നാൽ ഉപമയെ നാം അമിതമായി വ്യാഖ്യാനിക്കാതിരിക്കുവാനും ഓരോ ഭാഗവും എന്തെങ്കിലും[15] വിശദീകരിക്കാതിരിക്കുവാനും ശ്രദ്ധിക്കണം. ഉദാഹരണത്തിനു, ഒരു മനുഷ്യൻ കുഴിച്ചിട്ട നിധി ലഭിക്കുവാനായി ഒരു വയൽ വാങ്ങുന്ന ഉപമ ഈ പാഠത്തിന്റെ വായനാഭാഗത്ത് ഉൾപ്പെടുന്നുണ്ട് (മത്തായി 13:44). രാജ്യം വിലയുള്ളതാണെന്ന പോയിന്റാണ് ആ ഉപമയിലുള്ളത്, അല്ലാതെ നാം ആ മനുഷ്യന്റെ പ്രവർത്തികളെ (അതു, പരമാവധി, സംശയം ജനിപ്പിക്കുന്നവയാണ്) അനുകരിക്കണമെന്നല്ല. ദയവില്ലാതെ അക്കാലത്തു പണം കടം കൊടുത്ത രണ്ടു കടക്കാരുടെ ഉപമയിലെ വ്യക്തിയുമായി ദൈവത്തെ സാമ്യപ്പെടുത്തരുതെന്ന്, നാം കഴിഞ്ഞ പാഠത്തിൽ പഠിക്കുകയുണ്ടായി. നാം ഇനി പഠിക്കുവാൻ പോകുന്ന വേദഭാഗത്തിൽ നിന്ന് രണ്ടു ചിത്രീകരണങ്ങൾ കൂടി പരിഗണിക്കുക: ഓരോ വിശദീകരണവും "യോജിക്കുന്ന" വിധത്തിലാക്കുവാൻ നാം ശ്രമിച്ചിട്ടുണ്ടെങ്കിൽ, ലൂക്കൊസ് 12:39, 40–ലെ യേശുവിന്റെ വാക്കുകൾ അവൻ കള്ളനാണെന്നു പറയേണ്ടിവരും, കൂടാതെ ലൂക്കൊസ് 18:1–6 ലെ ഉപമയിലെ അനീതിയുള്ള ന്യായാധിപൻ ദൈവമാണെന്നും മുദ്ര കുത്തും.

ഉപമകൾ വ്യാഖ്യാനിക്കേണ്ട പൊതുവായ തത്വങ്ങൾ കുറച്ചുകൂടെ മനസിലാക്കേണ്ടതായിട്ടുണ്ട്. (1) മിക്ക ഉപമകളും "രാജ്യത്തിനെ" കുറിച്ചുള്ള ഉപമകളാണ് (നോക്കുക മത്തായി 13:24, 31, 33, 44, 45, 47). അവയുടെ ഉദ്ദേശം രാജ്യത്തിന്റെ ചില പ്രത്യേകതകൾ വെളിപ്പെടുത്തുകയാണ്, അവയിൽ രാജ്യത്തിലെ/സഭയിലെ അംഗങ്ങൾ അന്യോന്യം സ്വയം[16] എങ്ങനെ പെരുമാറണമെന്നതും ഉൾപ്പെടുന്നു. (2) രണ്ടു ഉപമകൾക്ക് ഒരേ വിശദാംശങ്ങളുള്ളപ്പോൾ, ഓരോ ഉപമയുടേയും വിശദാംശങ്ങളുടെ അർത്ഥം ഒന്നാകണമെന്നില്ല. ഉദാഹരണത്തിനു, വിതെക്കുന്നവന്റെ ഉപമയിൽ, "വിത്ത് ദൈവവചനം" ആണ് (ലൂക്കൊസ് 8:11), എന്നാൽ കളയുടെ ഉപമയിൽ, വിത്തു "രാജ്യത്തിന്റെ പുത്രന്മാർ" ആണ് (മത്തായി 13:38). (3) ഉപമകൾ ആലങ്കാരിക പ്രയോഗമാകയാൽ, അതു പുതിയ സത്യം നല്കുന്നതിനെക്കാൾ അടിസ്ഥാനപരമായി സത്യത്തെ വെളിപ്പെടുത്തുന്നതായിരിക്കും. അതുകൊണ്ട് ഒരാൾ "ഒരു ഉപമയുടെ വ്യാഖ്യാനത്താൽ മാത്രം മതപരമായ ഒരു ഉപദേശത്തെ തെളിയിക്കുവാൻ തുനിയരുത്."[17]

ഉപമകളുടെ പശ്ചാത്തലത്തിനു അതു മതി. ഇനി നമുക്ക് "തിരക്കുള്ള ദിവസം" യേശു സംസാരിച്ച ഉപമകളിലേക്കു പോകാം.

### ഉപമകൾ: ഉദാഹരണങ്ങൾ
### (മത്താ. 13:3-9, 18-33, 36-50; മർക്കൊ. 4:3-9, 14-20, 26-32; ലൂക്കൊ. 8:5-8, 11-15)

ആ ദിവസം അവൻ സംസാരിച്ച എല്ലാ ഉപമകളും രേഖപ്പെടുത്തി നമുക്ക് കിട്ടിയിട്ടുണ്ടോ എന്ന് അറിയില്ല (മർക്കൊസ് 4:2), എന്നാൽ ചുരുങ്ങിയത് ഒമ്പതെണ്ണം മത്തായി രേഖപ്പെടുത്തിയിട്ടുണ്ട്. മത്തായി രേഖപ്പെടുത്തിയ പല

ഉപകളും അതുപോലെ, മത്തായി രേഖപ്പെടുത്താത്ത ഒന്നും മർക്കൊസ് രേഖപ്പെടുത്തിയിട്ടുണ്ട്. ലൂക്കൊസിന്റെ പുസ്തകത്തിൽ ഒരു ഉപമ മാത്ര മാണ് കാണുന്നത്: വിതെക്കുന്നവന്റെ ഉപമ.

**വിതെക്കുന്നവന്റെ ഉപമ (മത്താ. 13:3-9, 18-23; മർക്കൊ. 4:3-9, 14-20; ലൂക്കൊ. 8:5-8, 11-15)**

അതിന്റെ പ്രാധാന്യം നിമിത്തം വിതെക്കുന്നവന്റെ ഉപമ മൂന്നു സംക്ഷിപ്ത സുവിശേഷ വിവരണങ്ങളിലുമുണ്ട്. ആ ഉപമ അവർക്ക് മന സിലായില്ലെങ്കിൽ, ഒരൊറ്റ ഉപമയും മനസിലാകുകയില്ല എന്നു യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു (മർക്കൊസ് 4:13). അതു മറ്റു ഉപമകൾ മനസ്സിലാ ക്കുവാനുള്ള ഒരു താക്കോൽ നൽകുന്നതാണ്:[18] ഉപമകൾ എന്തിനാണെന്നു മനസിലാക്കുവാനുള്ള താക്കോൽ ആയിരുന്നു അത്. യേശുവിന്റെ അടു ക്കൽ കേൾക്കുവാൻ വന്ന, പലരും, അല്ലെങ്കിൽ മിക്കവരും, ഇടുങ്ങിയ അല്ലെ ങ്കിൽ, ഭിന്നിച്ച ഹൃദയമുള്ളവരായിരുന്നു. ഉപമകൾ പൊതുവിൽ മനസിലാ ക്കുവാൻ ഈ പ്രത്യേക ഉപമയും ഒരു താക്കോൽ ആയിരിക്കും. ഈ കഥയെ എങ്ങനെ വ്യാഖ്യാനിക്കണമെന്ന് പഠിക്കുന്നത് ക്രിസ്തുവിന്റെ ശിഷ്യന്മാർക്കു മറ്റു ഉപമകൾ വ്യാഖ്യാനിക്കുവാൻ സഹായകരമാണ്. പിൻവരുന്ന പ്രസംഗ ത്തിൽ വിതെക്കുന്നവന്റെ ഉപമ വിശദമായി നാം പരിശോധിക്കും, എന്നാൽ ചില പരാമർശങ്ങൾ നടത്തുന്നത് ഈ സമയത്ത് പ്രാധാന്യമുള്ളതാണ്.

യേശു കടൽ തീരത്തു വെച്ച് നാലു വിധത്തിലുള്ള മണ്ണിനെ കുറിച്ചു പറഞ്ഞുകൊണ്ടു ഉപദേശിക്കുവാൻ തുടങ്ങി: വഴി–അരികിലുള്ള[19] മണ്ണ്, പാറ മേലുള്ള മണ്ണ്, മുള്ളുള്ള മണ്ണ്, നല്ല മണ്ണ്.[20] അവൻ പറഞ്ഞു തീർന്നശേഷം,[21] അവർ തനിച്ചായ ഉടനെ, അവന്റെ ശിഷ്യന്മാർ അവനോട് ഉപമയുടെ അർത്ഥം എന്തെന്നു ചോദിച്ചു (മർക്കൊസ് 4:10; ലൂക്കൊസ് 8:9).[22] വചനം കേൾക്കു മ്പോൾ ഓരോ ഹൃദയവും എങ്ങനെ സ്വീകരിക്കുന്നു എന്ന ഹൃദയത്തിന്റെ അവസ്ഥയെ കാണിക്കുന്നതാണ് ഓരോ വിധത്തിലുള്ള മണ്ണ് എന്ന് യേശു വിശദീകരിച്ചു. ആത്മിയമായി ഫലവത്തായി തീരുന്ന വിധം ജീവിതം നയിക്കു വാൻ "ഗുണമുള്ള നല്ല" ഹൃദയമുള്ളവർക്കേ കഴിയൂ (ലൂക്കൊസ് 8:15).

ഓരോ ദിവസവും, യേശുവിന്റെ അടുക്കൽ വന്നവരെല്ലാം ആ നാലു വിധ ഹൃദയങ്ങൾ ഉള്ളവരായിരുന്നു. കഠിനഹൃദയരായ പരീശന്മാർ യേശു വിനെ കുടുക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. പൊള്ളയായ–മനസുള്ള പുരു ഷാരം ക്രിസ്തുവിന്റെ ശുശ്രൂഷയിലും അത്ഭുതങ്ങളിലും മാത്രം ആവേശ മുള്ളവരായിരുന്നു, എന്നാൽ അവന്റെ ദൗത്യത്തിന്റെ വാസ്തവത്തിലുള്ള സ്വഭാവം അവർ ഗ്രഹിക്കുന്നതിൽ പരാജയപ്പെട്ടു. ഭിന്നിച്ച–ഹൃദയമുള്ളവർ പോലും അവിടെ ഉണ്ടായിരുന്നു – ദ്രവ്യാഗ്രഹത്തിനായി വെമ്പൽ കൊണ്ട, ഇരു–മനസുള്ള യൂദയെ പോലുള്ളവർ (നോക്കുക യോഹന്നാൻ 12:6). അവന്റെ പരിശ്രമം വിലയുള്ളതാക്കിയ ചില നല്ല–സത്യസന്ധരായ ആളു കളും അവനു ചുറ്റും ഉണ്ടായിരുന്നു.

യെഹൂദനേതാക്കൾ എന്തുകൊണ്ടു യേശുവിനെ തള്ളിക്കളഞ്ഞു എന്ന തിന്റെ പ്രായോഗിക കാരണം യേശുവിന്റെ ശിഷ്യന്മാർക്കു വിവരിക്കുവാനും ആ ഉപമ സഹായിച്ചു. കൂടാതെ ഭാവിയിൽ അവർ സ്വന്തമായി പ്രസംഗിക്കു മ്പോഴാവശ്യമായ പ്രായോഗിക ഉദ്ദേശവും അതിൽ അടങ്ങിയിരുന്നു: എന്തു കൊണ്ട് ചിലർ സുവിശേഷം അനുസരിക്കുന്നു എന്നും എന്തുകൊണ്ട് മറ്റു

ളളവർ അനുസരിക്കുന്നില്ല എന്നും അതു വിശദമാക്കുന്നു. ഈ ഉപമയിലെ സന്ദേശം ഇന്നു വചനം പ്രസംഗിക്കുകയും ഉപദേശിക്കയും ചെയ്യുന്ന എല്ലാ വർക്കും ഇപ്പോഴും വളരെ ആവശ്യമുള്ളതാണ്.

**നിശബ്ദ വളർച്ചയുടെ ഉപമ (മർക്കൊ. 4:26-29)**

മർക്കൊസ് പറയുന്നതനുസരിച്ച്, യേശു വിതെക്കുന്നവന്റെ ഉപമ പറഞ്ഞ ഉടനെ, അവൻ പറഞ്ഞത് കൊയ്ത്തു സമയം[23] വരെ മുളെച്ച് വള രുന്ന ഒരു വിത്തിനെ കുറിച്ചാണ്. കാർഷികവൃത്തി[24] ആവശ്യമില്ലാത്ത വിത്തു വിതെച്ചു പരിചയമുള്ള എല്ലാവർക്കും അറിയാവുന്ന നിസാര സംഭ വമാണ് അത്. കഴിഞ്ഞ ഉപമയിലേതുപോലെ, മണ്ണ് മനുഷ്യ ഹൃദയമാണെന്നും വിത്ത് സുവിശേഷമാണെന്നും നാം ചിന്തിക്കണം. ശിഷ്യന്മാരെ ഉത്തേജിപ്പി ക്കുന്ന ലക്ഷ്യമായിരുന്നു ഉപമയിലുണ്ടായിരുന്നത്:

- നാം അറിഞ്ഞാലും ഇല്ലെങ്കിലും, സുവിശേഷം കേൾക്കുന്നവരുടെ ഹൃദ യത്തിൽ സ്വാധീനം ചെലുത്തും.
- വിത്ത് വിതെച്ചു മുളച്ചു വളരുവാൻ സമയം എടുക്കും, അതുകൊണ്ട് നമുക്ക് ക്ഷമ വേണം.
- വിതെക്കുന്ന ജോലിയിൽ നാം തുടർച്ചയായി വിശ്വസ്തത പുലർ ത്തിയാൽ, ദൈവം അവസാനം വർദ്ധനവു തരും (1 കൊരിന്ത്യർ 3:6).

ജെ. ഡബ്ലിയു. റോബെർട്ട്സിന്റെ കീഴിൽ, നാൽപത്തി–ഏഴു വർഷം മുൻപ്, ഞാൻ ക്രിസ്തുവിന്റെ ജീവിതം പഠിച്ചപ്പോൾ, ക്രിസ്തുവിന്റെ സഭ ഇല്ലാത്ത സ്ഥലത്ത് ഒരു സുവിശേഷ യോഗം നടത്തിയ *ഗോസ് പെൽ അഡ്വ ക്കേറ്റി*ന്റെ ഒരു പ്രസാധകനെ കുറിച്ചു ബ്രദർ റോബെർട്ട് പറയുകയുണ്ടായി. മൂന്നാഴ്ച്ചയോളം, ആ ഉപദേഷ്ടാവ് ആത്മാർത്ഥമായി അദ്ധ്വാനിച്ചു, ഓരോ പ്രസംഗത്തിലും തന്റെ ഹൃദയത്തെ പകർന്നു നൽകുകയും, ധാരാളം പ്രതി കരണങ്ങൾ പ്രതീക്ഷിക്കുകയും ചെയ്തു. ഒരേ ഒരു സ്നാനം നടന്നു: മുഖത്തു–മറുകുള്ള ഒരു പെൺകുട്ടി. ആ സുവിശേഷകൻ നിരാശപ്പെടാതി രിപ്പാൻ വിഷമിച്ചു. എങ്ങനെയായാലും, വിത്ത് മുളയ്ക്കുമെന്നും, എന്നാൽ തീർച്ചയായി, സാവധാനത്തിലും നിശബ്ദമായും വളരുമെന്നും ഓർക്കുക. ആ പെൺകുട്ടി വളർന്നു, വിവാഹം കഴിച്ച്, ആറ് ആൺമക്കളുണ്ടായി – അവരെല്ലാവരും സുവിശേഷപ്രാസംഗികരായി തീർന്നു. “നാം മടുത്തുപോ കരുത് ..., തളർന്നുപോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും” (ഗലാത്യർ 6:9; സഭാപ്രസംഗി 11:6 നോക്കുക).

**കളയുടെ ഉപമ (മത്താ. 13:24-30, 36-43)**

വിത്ത് വളരുന്നതിനെ കുറിച്ച് മറ്റൊരു ഉപമയും യേശു പറയുകയു ണ്ടായി: ഗോതമ്പ് വിതെച്ച ഉടനെ വയലിൽ കള വിതെക്കുന്ന ഒരു ശത്രു വിനെ കുറിച്ച് അവൻ പറഞ്ഞു. കള ഒറ്റനോട്ടത്തിൽ ഗോതമ്പുപോലെ തോന്നും, പ്രത്യേകിച്ച് വളർച്ചയുടെ പ്രാരംഭഘട്ടത്തിൽ.[25] ആ നശീകരണ പ്രവർത്തി കണ്ടെത്തിയപ്പോൾ, യജമാനന്റെ ദാസന്മാർ അവന്റെ അടുക്കൽ വന്ന് കളയെല്ലാം പിഴുതുകളയട്ടെ എന്നു ചോദിച്ചു. ആ സമയത്ത്, ആ ചെറിയ സസ്യങ്ങളുടെ വേരുകൾ കളയുമായി കൂടിപിണഞ്ഞിരുന്നു, അതു

കൊണ്ട് യജമാനൻ പറഞ്ഞു, "ഇല്ല; പക്ഷേ കള പറിക്കുമ്പോൾ, കോതമ്പും കൂടെ പിഴുതുപോകും" (മത്തായി 13:29). കൊയ്ത്തോളം ആ ചെടികൾ വളരട്ടെ എന്നും, പിന്നെ ആ സമയത്ത്, ആവശ്യമുള്ളതും ആവശ്യമില്ലാത്തതും വിളവെടുപ്പിൽ വേർതിരിക്കുവാൻ കഴിയുമെന്നും അവൻ നിർദ്ദേശിച്ചു (വാ. 30).

ശിഷ്യന്മാർ പിന്നീട് ആ ഉപമ വിശദമാക്കിതരുവാൻ ക്രിസ്തുവിനോടു അപേക്ഷിച്ചു (വാ. 36). ശത്രു പിശാചാകുന്നു എന്നും, കൊയ്ത്തു നടക്കുന്നത് ലോകാവസാനത്തിൽ ആണെന്നും അവൻ പറഞ്ഞു (വാ. 39). ഈ പരമ്പരയിൽ, അവസാന ദിവസത്തെ ന്യായവിധിയുമായി ബന്ധപ്പെട്ടുള്ള രണ്ട് ഉപമകൾ പറയുന്നു; അതിലൊന്ന് ഇതാണ്.[26] വാക്യങ്ങൾ 39 മുതൽ 43 വരെ രണ്ടാം വരവിനെ കുറിച്ചും തുടർന്ന് നടക്കേണ്ട ന്യായവിധിയെ കുറിച്ചും ഒരു വ്യക്തമായ ചിത്രം നൽകുന്നു.

ദുഷ്പ്രവൃത്തിക്കാരെ നമ്മുടെ കൂട്ടായ്മയിൽ നിന്ന് പുറത്താക്കുവാൻ പാടില്ല എന്ന് ഈ ഉപമ പഠിപ്പിക്കുന്നു എന്നു പറഞ്ഞുകൊണ്ട്, സഭയുടെ അച്ചടക്കത്തിന് അതു പ്രായോഗികമാക്കുവാൻ ചിലർ ശ്രമിച്ചിട്ടുണ്ട്. അത്തരം വ്യാഖ്യാനം യേശുവിന്റെ ഉപദേശത്തിന് വൈരുദ്ധ്യം വരുത്തുകയാണ് (മത്തായി 18:15–18; കൂടാതെ 1 കൊരിന്ത്യർ 5:4, 5, 11, 13 നോക്കുക). ജെ. ഡബ്ളിയു. മെക്ഗാർവെ എഴുതി, "ഈ ഉപമയും അതിന്റെ വിശദീകരണവും ചിലപ്പോൾ സഭയുടെ അച്ചടക്കത്തിനെതിരെ വാദഗതികൾ ഉയർത്തിയിട്ടുള്ളതായി പറയുന്നു, എന്നാൽ അത്തരത്തിലുള്ള ഉപയോഗം വ്യക്തമായും തെറ്റാണ്. വയൽ എന്നത് സഭയല്ല, എന്നാൽ ലോകമാണ്, ഉപമയെക്കുറിച്ചുള്ള ഉപദേശം എന്തെന്നാൽ ദുഷ്പ്രവൃത്തിക്കാരെ[27] പുറത്താക്കുന്നതിനു നാം ശ്രമിക്കരുതെന്നുമാണ്." ജോൺ കാർട്ടർ അതിനോടു യോജിച്ചു: ''... 'രാജ്യത്തിന്റെ മക്കളും' 'ദുഷ്ടന്റെ മക്കളും' ലോകത്തിൽ കാലാവസാനംവരെ ജീവിക്കേണ്ടത് ഒരുമിച്ചാണ്. വളരെ വ്യക്തമായി [ഉപമ] ... സഭയിൽ ക്രമംകെട്ടു നടക്കുന്ന അംഗങ്ങളെ വീണ്ടെടുക്കുന്നതിനോ അവിശ്വാസികളായി തീർന്നവരെ വീണ്ടെടുത്തു നിലനിർത്തുന്നതിനോ നിരോധനാജ്ഞ നൽകുന്ന ഒന്നല്ല."[28]

എന്തുകൊണ്ടാണ് അനേകർ വചനം കൈക്കൊള്ളാത്തത് എന്ന് ശിഷ്യന്മാരെ മനസ്സിലാക്കുവാൻ വേണ്ടി ആയിരിക്കാം ഒരുപക്ഷെ ഈ ഉപമ പറഞ്ഞത്: അവരുടെ ശത്രു, പിശാച്, പ്രവർത്തിച്ചുകൊണ്ടിരുന്നു. ദൂര–വ്യാപകമായ അവരുടെ പ്രവർത്തന സ്വഭാവത്തെ കുറിച്ചും അത് അവർക്കു വ്യക്തമായ ഒരു കാഴ്ചപ്പാട് നൽകിയിരിക്കാം.

### കടുകുമണിയുടെയും പുളിച്ചമാവിന്റെയും ഉപമ (മത്താ. 13:31-33; മർക്കൊ. 4:30-32)[29]

രേഖകൾ അറിഞ്ഞിടത്തോളം, ആ ദിവസം പറഞ്ഞ ശേഷിച്ച ഉപമകൾ ചെറുതും വിവരണങ്ങൾ കൂടാതെയുള്ളതുമായിരുന്നു. അവയിൽ ആദ്യത്തേത് വിത്തിന്റെ വളർച്ച എന്ന വിഷയത്തിന്റെ തുടർച്ച ആയിരുന്നു: കടുകുമണിയുടെ ഉപമ. ഇവിടെ ഊന്നൽ നൽകിയിരിക്കുന്നത് കടുകുമണി നൽകുന്ന ചെടിയുടെ വലുപ്പവുമായി താരതമ്യപ്പെടുത്തി കടുകിന്റെ വലുപ്പത്തിനാണ്: കടുകു മണി വളരെ ചെറുതായിരുന്നു,[30] എന്നാൽ അത് വളർന്നുവലിയ വൃക്ഷമായി തീർന്നു.[31] ഒരിക്കൽ കൂടെ, അതൊരുപക്ഷെ

ശിഷ്യന്മാരെ ഉത്തേജിപ്പിക്കുന്നതിനുവേണ്ടി സംസാരിച്ചതാകാം: ക്രിസ്തുവിന്റെ പ്രചോദനത്തിന് ലഭിച്ചത് ചെറിയ തുടക്കമായിരുന്നുവെങ്കിലും, വിതെയിൽ അവർ വിശ്വസ്തരായി നിലനിൽക്കുകയാണെങ്കിൽ അതിന്റെ വിജയവും വ്യാപ്തിയും അവരുടെ ചിന്തയ്ക്കപ്പുറമായിരിക്കും. ആ ഉപമയിലെ സത്യം ഇന്ന് ഇന്ത്യയിലും ആഫ്രിക്കയിലും കാണുവാൻ കഴിയും.

അടുത്ത ഉപമയിൽ (പുളിച്ച മാവിന്റെ ഉപമ), ഒരു കൃഷിക്കാരൻ വയലിൽ വിത്തുവിതെക്കുന്നതിൽ നിന്ന് ഒരു സ്ത്രീ വീട്ടിൽ അപ്പം ഉണ്ടാക്കുന്നതിലേക്കു രംഗം മാറുന്നു. പാക്കറ്റിൽ ഈസ്റ്റ്[32] വരുന്നതിനുമുൻപ് അപ്പം–ഉണ്ടാക്കുന്നതിൽ പരിചയമില്ലാത്തവർക്കുള്ളതാണ് ഈ വിശദീകരണം: ഒരു സ്ത്രീ അപ്പമുണ്ടാക്കുമ്പോൾ, അവൾ കുറച്ചു മാവ് മാറ്റി പാത്രത്തിലാക്കി ചൂടുള്ള സ്ഥലത്ത് വയ്ക്കുന്നു. അടുത്ത പ്രാവശ്യം അവൾ അപ്പമുണ്ടാക്കുവാൻ നോക്കുമ്പോൾ, മാറ്റിവെച്ച ആ മാവ് അപ്പോൾ കുഴയ്ക്കുന്നതിൽ ചേർത്തുപൊങ്ങാൻ വയ്ക്കുന്നു. ഈസ്റ്റ് ചേർത്ത മാവ് എല്ലായിടവും വ്യാപിച്ച്, മാവിനെ പൊങ്ങുവാൻ ഇടയാക്കുന്നു. പിന്നെ അവൾ അതിൽനിന്ന് അൽപം മാവെടുത്ത് അടുത്ത പ്രാവശ്യത്തേക്കു മാറ്റിവയ്ക്കുന്നു. എത്ര കാലം കഴിഞ്ഞാലും, നൂറുകണക്കിന്, അല്ലെങ്കിൽ ആയിരക്കണക്കിനു അപ്പമുണ്ടാക്കുവാൻ, ആ മാറ്റിവച്ച അൽപം മാവു തന്നെ മതിയാകും.

ചിത്രീകരണം വ്യത്യസ്തമാണെങ്കിലും, സന്ദേശം അടിസ്ഥാനപരമായി കടുകുമണിയുടെ ഉപമയിൽ ഉള്ളത് തന്നെ: വചനം ശക്തി–യുള്ളതാണ് അതു വ്യാപിക്കുകയും വളരുകയും[33] ചെയ്യും. സുവിശേഷം വ്യാപിപ്പിക്കുവാൻ ശ്രമിക്കുന്നവർക്ക് ഈ സത്യം ഉത്തേജനം നൽകുന്നതാണ്. *ട്രൂത്ത് ഫോർ ടുഡേ*യ്ക്കുവേണ്ടി പ്രവർത്തിക്കുന്ന നമുക്കോരോരുത്തർക്കും അതു വളരെ പ്രാധാന്യമുള്ളതാണ്.

### ഒളിച്ചുവെച്ച നിധിയുടെയും വലിയ വിലയുള്ള മുത്തിന്റെയും ഉപമകൾ (മത്താ. 13:44-46)

മത്തായി 13–ലെ ശേഷിച്ച ഉപമകളും ഒരുപക്ഷെ ശിഷ്യന്മാരോടു രഹസ്യത്തിൽ പറഞ്ഞതാകാം (വാ. 36). ഇവയിൽ ആദ്യത്തേത് യോജിച്ച് പോകുന്നു: രണ്ടും വിലയുള്ള എന്തോ തിരയുന്ന മനുഷ്യരെ കുറിച്ചുള്ളതാണ്. ആദ്യത്തെയാൾ യാദൃശ്ചികമായി നിധി കണ്ടെത്തുന്നു (വാ. 44), എന്നാൽ രണ്ടാമത്തെയാൾ നീണ്ട–അന്വേഷണ ഫലമായി മുത്താണ് കണ്ടെത്തുന്നത് (വാ. 45, 46).[34] ഓരോന്നിലും, അവൻ കണ്ടെത്തിയതിന്റെ വില തിരിച്ചറിയുകയും അതു നേടി എടുക്കുവാൻ വില നൽകുകയും ചെയ്തു. ഈ ഉപമകളിൽനിന്ന് ധാരാളം പാഠങ്ങൾ നമുക്ക് എടുത്തുകാണിക്കുവാൻ കഴിയും, എന്നാൽ ഒരു ഉദ്ദേശം യേശുവിന്റെ ശിഷ്യന്മാരെ ഉത്തേജിപ്പിക്കുക എന്നതായിരുന്നു. അതു കണ്ടെത്തുന്നവർക്ക് അനുഷ്ഠിക്കേണ്ടിവരുന്ന ഓരോ ത്യാഗവും അവർക്കുമുൻപിൽ വെച്ചിരിക്കുന്ന വെല്ലുവിളി പോലെ വിലയുള്ളതാണ്.

### വലയുടെ ഉപമ (മത്താ. 13:47-50)

ഗലീലാ കടലിൽ നിന്ന് വല ഉപയോഗിച്ച് നല്ലതും ചീത്തയുമായ മീൻ പിടിക്കുന്നതിനെ കുറിച്ചുള്ള സംഭവം പറഞ്ഞുകൊണ്ട് ഉപമകളുടെ പരമ്പര അവസാനിപ്പിച്ചു. ഒരു യെഹൂദൻ "നല്ലതും" "ചീത്തയും" എന്നു

കേൾക്കുമ്പോൾ, അവന്റെ മനസ്സിൽ വരുന്നത് "ശുദ്ധവും" "അശുദ്ധവും" എന്നതായിരിക്കും. ചിറകും ചെതുമ്പലുമുള്ള മീൻ മാത്രമേ ഭക്ഷിക്കാവൂ എന്ന് ന്യായപ്രമാണം അവരോടു പറഞ്ഞിരുന്നു (ലേവ്യാപുസ്തകം 11:9–12). വലയിൽ നല്ലതും ചീത്തയുമായ മീൻ കയറിയതുകൊണ്ട്, മീൻ പിടിക്കുന്ന വർ നല്ലതും ചീത്തയായതും വേർതിരിക്കേണ്ടത് ആവശ്യമായിരുന്നു. യേശു ആ തരം തിരിക്കുന്ന പ്രക്രിയയെ അവസാന ന്യായവിധിയോട് ഉപമിച്ചു. ആ അർത്ഥത്തിൽ, ഈ ഉപമ കളയുടെ ഉപമ പോലെ ഉള്ളതാണ്. അവി ടെയും ശിഷ്യന്മാർക്ക് അത് മറ്റൊരു പാഠം കൂടെ നൽകിയിരിക്കാം. യേശു പറഞ്ഞു, "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" (മത്തായി 4:19). ഇപ്പോൾ, ഒരുപക്ഷെ അവരുടെ ഉപദേശം കൊണ്ട് "അകത്തു വലിക്കുന്ന" "പിടുത്ത" ത്തിൽ അവർ അതിശയിക്കാതിരിപ്പാൻ പറയുമായിരിക്കും.

**ഉപസംഹാരം**

പൊതുവിൽ ഉപമകളുടെ കൂട്ടത്തിൽപെടുത്തിയിരിക്കുന്ന ഏകദേശം രണ്ട് മറ്റു ചിത്രീകരണങ്ങൾ കൂടി ആ ദിവസം യേശു ഉപയോഗിച്ചു: തണ്ടി ന്മേൽ വെക്കുന്ന വിളക്കിന്റെ സൂചനയും (മർക്കൊസ് 4:21, 22; ലൂക്കൊസ് 8:16, 17) ഒരു മനുഷ്യന്റെ നിക്ഷേപത്തിൽനിന്ന് പഴയതും പുതിയതും എടു ക്കുന്നതിന്റെ ഉദാഹരണവും (മത്തായി 13:52). എങ്ങനെയായാലും, നാം ഈ പാഠത്തെ അവസാനിപ്പിക്കണം. അടുത്തപാഠത്തിൽ, ഗലീലാ കടൽ കട ന്നുള്ള ക്രിസ്തുവിന്റെ യാത്രയും അതിൽ ഉൾപ്പെട്ടിരിക്കുന്ന സാഹസികത യെയും കുറിച്ചു പഠിക്കുമ്പോൾ "തിരക്കുള്ള ദിവസത്തെ" കുറിച്ചുള്ള പരി ശോധന നാം പൂർത്തിയാക്കും.

യേശു ഉപമകൾ പറഞ്ഞശേഷം, അവൻ തന്നെ അനുഗമിച്ച ശിഷ്യ ന്മാരോടു ഒരു ചോദ്യം ചോദിച്ചു. അവർ നൽകിയ ഉത്തരം എന്നെ ചിരിപ്പി ച്ചു. അവൻ ചോദിച്ചു, "ഇതെല്ലാം നിങ്ങൾക്കു മനസ്സിലായോ?" അവർ മറു പടി പറഞ്ഞു, "ഉവ്വ്" (മത്തായി 13:51). ഭാഗികമായി അവർ ഒരുപക്ഷെ മന സ്സിലാക്കി കാണും, എന്നാൽ തുടർന്നു നടന്ന സംഭവം സൂചിപ്പിക്കുന്നത് അവരുടെ മനസ്സിലാക്കൽ പരിമിതമായിരുന്നുവെന്നാണ്. നിങ്ങൾക്കും എനിക്കും ഈ പാഠത്തിൽ നിന്നും – ഈ പരമ്പരയിലെ എല്ലാ പാഠങ്ങളിൽ നിന്നും പ്രയോജനമുണ്ടാകണമെങ്കിൽ – കർത്താവിൽനിന്നുള്ള രണ്ടു നിർദ്ദേ ശങ്ങൾ നാം കേൾക്കണം: "നിങ്ങൾ കേൾക്കു*ന്നത്* ശ്രദ്ധിപ്പിൻ" (മർക്കൊസ് 4:24; എംഫസിസ് മൈൻ), "നിങ്ങൾ *എങ്ങനെ* കേൾക്കുന്നുവെന്ന് സൂക്ഷി ച്ചുകൊൾവിൻ" (ലൂക്കൊസ് 8:18; എംഫസിസ് മൈൻ). "കേൾപ്പാൻ ചെവി യുള്ളവൻ, കേൾക്കട്ടെ" (മർക്കൊസ് 4:9; വാ. 23 നോക്കുക).

---

കുറിപ്പുകൾ

[1]"*ക്രിസ്തുവിന്റെ ജീവിതം, 2*" എന്ന കഴിഞ്ഞ പുസ്തകത്തിൽ ഈ പാഠം കാണാം. [2]മൊത്തത്തിൽ മൂന്ന് "വലിയൊരു പറ്റം" ഉപമകൾ ആണുള്ളത്. രണ്ടാമത്തെ പറ്റം ലൂക്കൊസ് 15:1 —16:31 വരെയുള്ളതിൽ കാണാം. മൂന്നാമത്തെ പറ്റം കാണപ്പെടുന്നത് മത്തായി 21:23—22:14 വരെയുള്ളതിലും മർക്കൊസിന്റെയും ലൂക്കൊസിന്റെയും ബന്ധ പ്പെട്ട വേദഭാഗങ്ങളിലും കാണാം. [3]വേദഭാഗത്തിൽ "ഉപമ" എന്ന് പ്രത്യേകമായി പറഞ്ഞി

ട്ടില്ലെങ്കിൽ പോലും രണ്ടു കടക്കാരെ പ്രതിപാദിക്കുന്ന സംഭവം ഉപമയാണെന്ന് മിക്ക വരും സമ്മതിക്കും. [4]കർത്താവുപയോഗിച്ച മറ്റു ചിത്രീകരണങ്ങളെയും "ഉപമകൾ" എന്നു പറയാവുന്നതാണ്. ഉദാഹരണത്തിന്, ഒരു ഉപമയുടെ കൂട്ടത്തിൽ പെടുത്താവുന്ന താണ് മത്തായി 11:16–19. [5]ആ സമയത്ത് ഗലീലാ കടൽക്കരയിൽ വെച്ച് യേശു നടത്തിയ ഉപദേശത്തെ സൂചിപ്പിച്ചുകൊണ്ടാണ് "അവൻ ഉപമ കൂടാതെ അവരോടു സംസാരിച്ചില്ല" എന്ന പ്രസ്താവന പ്രാഥമിക ഊന്നൽ കൊടുക്കുന്നത്. അതിനെ തുടർന്ന്, ഉപമകൾ ആയിട്ടല്ലാതെ മറ്റു രീതികളും ക്രിസ്തു പുരുഷാരത്തോടു സംസാരിക്കുമ്പോൾ ഉപയോ ഗിച്ചിരുന്നു. എന്നിരുന്നാലും, ആ സമയം മുതൽ, അവന്റെ ഉപദേശത്തിൽ ഉപമകൾക്ക് വലിയ ഒരു പങ്കുണ്ടായിരുന്നു. [6]സങ്കീർത്തനം 78:2 നമ്മുടെ വേദഭാഗത്ത് ഉദ്ധരിച്ചിട്ടുണ്ട് (മത്തായി 13:35). സങ്കീർത്തനക്കാരനായ ആസാഫ് പറഞ്ഞതുതന്നെയാണ് ഒരു വിധത്തിൽ പിന്നീട് യേശു മാതൃകയാക്കിയത്. [7]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെൻലിറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 338. [8]എഫ്. ലഗാർഡ് സ്മിത്ത്, *ദ നറേറ്റഡ് ബൈബിൾ ഇൻ ക്രൊണോളൊജിക്കൽ ഓർഡർ* (യൂജീൻ, ഒറെഗ്.: ഹാർവെസ്റ്റ് ഹൗസ് പബ്ളിഷേഴ്സ്, 1984), 1394. [9]എച്ച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* (ലിബെർട്ടി, മോ.: ക്വാളിറ്റി പ്രെസ്, 1963), 147. ഹെസ്റ്റർ ഉദ്ധരിച്ചത് വില്യം സാൻടേ (1843–1920), ഒരു ഇംഗ്ലീഷ് പ്രീച്ചറും, ഗ്രന്ഥകർത്താവും, കേമ്പ്രിഡ്ജിലെ പ്രൊഫസറുമാണ്. [10]"ഹെർമെന്യൂട്ടിക്സ്" എന്നാൽ തിരുവെഴുത്തുകളെ എങ്ങനെ വ്യാ ഖ്യാനിച്ച് പഠിക്കണം എന്നതിനെയാണ് സൂചിപ്പിക്കുന്നത്.

[11]ഇത് ഒരു സാദൃശ്യത്തിൽനിന്നു വ്യത്യസ്തമാണ്, അതിനെ "ഒരു വിപുലമാക്കിയ രൂപകാലങ്കാരം" എന്നു നിർവ്വചിക്കാവുന്നതാണ്. ഒരു രൂപകാലങ്കാരം എന്നത് "ലൈക്ക്" അല്ലെങ്കിൽ "ആസ്" എന്നീ വാക്കുകൾ ഉപയോഗിക്കാതെയുള്ള താരതമ്യമാണ്. [12]പുതിയ നിയമത്തിൽ "ഉപമ" എന്ന പദം വ്യാപകമായി ഉപയോഗിച്ചിരിക്കുന്നതുകൊണ്ട്, യേശു വിന്റെ ഉപമകളിലെ പൂർണ്ണമായി യോജിക്കുന്ന രണ്ടെണ്ണം കണ്ടെത്തുവാൻ സാധ്യമല്ല. [13]ഇംഗ്ലീഷിൽ "പഴഞ്ചൊല്ല്" എന്നാണ് (നാം ആ പറയുന്നതിനെ "പഴഞ്ചൊല്ല്" എന്നു വിളിക്കും), എന്നാൽ ഗ്രീക്ക് വേദപുസ്തകത്തിൽ *പാരാബോൾ* എന്നാണ് ("പാരബിൾ"). [14]ഒരു നിയമമായി, യേശുവിന്റെ ശ്രോതാക്കൾക്ക് അവരുടെ കുടുംബങ്ങളിലും വ്യാപാ രങ്ങളിലും നേരിട്ടിരുന്ന, ദൈനന്തിന സംഭവങ്ങളെ കുറിച്ചുള്ളതായിരുന്നു അവന്റെ ഉപ മകൾ. ചിലപ്പോൾ, അധികം പരിചയമില്ലാത്തവയാണ് അവൻ ഉപയോഗിച്ചിട്ടുള്ളത് – ഉദാഹരണത്തിന് ഭൂതങ്ങളുടെ ലോകം (ലൂക്കൊസ് 11:24–26) അല്ലെങ്കിൽ മരിച്ചവരുടെ അവസ്ഥ (ലൂക്കൊസ് 16:19–31) – എന്നാൽ ആ ഉപമകൾ ഒന്നും "കെട്ടുകഥകൾ" ആയി കാണരുത്. അവയെല്ലാം *യാഥാർത്ഥ്യത്തെ* അടിസ്ഥാനപ്പെടുത്തി ഉള്ളതായിരുന്നു. [15]മറ്റാരെക്കാളും പ്രസംഗിക്കുന്നവരായ നാം ഇക്കാര്യത്തിൽ കൂടുതൽ കുറ്റമുള്ളവരാ ണ്. [16]"സ്വർഗ്ഗരാജ്യം" എന്ന *ക്രിസ്തുവിന്റെ ജീവിതം, 1*-എന്ന പുസ്തകത്തിലെ ലേഖനം നോക്കുക. [17]ജോൺ ഫ്രാങ്ക്ളിൻ കാർട്ടർ, *എ ലേമാൻസ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (നാഷ്വിലേ: ബ്രോഡ്മാൻ പ്രെസ്, 1961), 89. [18]ചിലർ അതിനെ "ഉപമകളെ കുറിച്ചുള്ള ഒരുപമ" എന്നു വിളിച്ചിട്ടുണ്ട്. [19]കെജെവിയിൽ ഉപയോഗിച്ചിരിക്കുന്നത് "വഴിയരികെ" എന്ന പദപ്രയോഗമാണ് (ലൂക്കൊസ് 8:5). എന്റെ പ്രസംഗത്തിൽ ഞാൻ ഉപയോഗിക്കു ന്നത് ആ പദപ്രയോഗമാണ്. [20]ഉപമയിൽ ഊന്നൽ കൊടുത്തിരിക്കുന്നത് വിതെക്കുന്നവ നല്ല മണ്ണിനാണ് എന്നതുകൊണ്ട്, അതിനെ "മണ്ണുകളെ കുറിച്ചുള്ള ഉപമ" എന്നു വിളി ക്കാമെന്നു ചില വ്യാഖ്യാതാക്കൾ പറഞ്ഞിരിക്കുന്നു. എങ്ങനെയായാലും, യേശു പറ ഞ്ഞു, "വിതെക്കുന്നവന്റെ ഉപമ … കേൾക്കുക" (മത്തായി 13:18), അതുകൊണ്ട് നാം അതു ഉപയോഗിച്ചിരിക്കുന്നു.

[21]ഉപമയെ തുടർന്നു വിതെക്കുന്നവന്റെ ഉപമയെകുറിച്ചുള്ള വിശദീകരണം നൽകുന്നുവെങ്കിലും, യേശു തന്നെത്താൻ തന്റെ ശിഷ്യന്മാരുമായി പിൻവാങ്ങി പോകുന്നതിനു മുൻപായി അവന്റെ ഉപമകൾ നിറഞ്ഞ പുരുഷാരത്തോടുള്ള പ്രസംഗം അവസാനിപ്പിച്ചിരിക്കാം. ആ സമയത്ത്, അവൻ അവരോട് വിതെക്കുന്നവന്റെ ഉപമയും കളയുടെ ഉപമയും വിശദീകരിച്ചിരിക്കാം – പിന്നെ ശിഷ്യൻമാരെ മാത്രം ഉദ്ദേശിച്ചുള്ള ചില ഉപമകളും പറയുകയുണ്ടായി. [22]ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് രണ്ട് ഉപമകളുടെ മാത്രം വിശദാംശങ്ങളാണെങ്കിലും (വിതെക്കുന്നവന്റെ ഉപമയും കളയുടെ ഉപമയും), മർക്കൊസ് 4:34 പറയുന്നത് യേശു "രഹസ്യമായി തന്റെ ശിഷ്യന്മാരോട് എല്ലാം വിവരിച്ചിരുന്നു" എന്നാണ്. [23]ഈ ഉപമയെ ചിലപ്പോൾ "തന്നെത്താൻ വളരുന്ന വിത്തിനെ കുറിച്ചുള്ള ഉപമ" എന്ന് വിളിച്ചിട്ടുണ്ട്. [24]നടുന്നതിനും കൊയ്യുന്നതിനുമിടയ്ക്ക് മിക്ക വയലുകളിലും ധാന്യം കൃഷി ചെയ്തിരുന്നില്ല. അവയിൽ വളമിടുകയും വെള്ളം നനയ്ക്കുകയും ചെയ്തിരിക്കാം, എന്നാൽ മറ്റ് കൃഷികൾ ചെടികളെ ഇല്ലാതാക്കി കളയും. [25]എന്റെ കൈവശമുള്ള എൻഎഎസ്ബിയിൽ "ടാർസ്" എന്നതിനെ കുറിച്ചു മാർജിൻ കുറിപ്പിലുള്ളത് ഇതാണ്: "ഓർ *ടാർനെൽ*," എ വീഡ് റിസെംബ്ളിംഗ് വീറ്റ്. [26]മറ്റൊന്ന് വലയെ കുറിച്ചുള്ള ഉപമയാണ്. [27]മെക്ഗാർവെ ആന്റ് പെൻലെറ്റൺ, 339. [28]കാർട്ടർ, 132. [29]ഈ ഉപമയുടെ പരമ്പരയിലെ പലജോഡികളും പരസ്പരം യോജിക്കുന്നവയാണ്; ആ ജോഡികളിൽ ഒന്നാണിത്. [30]കടുകുമണി "മറ്റു വിത്തുകളെക്കാൾ ചെറുത്" എന്നതിനെ കുറിച്ചുള്ള യേശുവിന്റെ പ്രസ്താവന ആ കാലത്തും ആ സ്ഥലത്തും പ്രായോഗികമായിരുന്നു, എന്നാൽ മറ്റ് സമയത്തോ സ്ഥലത്തോ യോജിക്കണമെന്നില്ല. നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് കടുക് വാങ്ങിക്കുവാൻ കിട്ടുമെങ്കിൽ, നിങ്ങൾക്കതു വാങ്ങി എത്ര ചെറുതാണെന്ന് നിങ്ങളുടെ സദസ്യരെ കാണിക്കാം.

[31]വീണ്ടും, ആ കാലത്തും സ്ഥലത്തും ഉണ്ടായിരുന്ന കടുക് വൃക്ഷത്തെ മനസ്സിൽ വയ്ക്കുക, അത് നിങ്ങളുടെ സ്ഥലത്ത് വളരുന്ന രീതിയിലുള്ളത് ആയിരിക്കുകയില്ല. ജെ. ഡബ്ളിയു. റോബെർട്ട്സ് തന്റെ ക്ലാസിൽ പറഞ്ഞത് യേശു സൂചിപ്പിച്ചിരിക്കുന്ന കടുകു വൃക്ഷത്തിന് കുതിരപ്പുറത്ത് ഒരാൾ ഇരിക്കുന്നത്ര ഉയരമുണ്ടായിരിക്കും എന്നാണ്. [32]പാക്കറ്റിൽ ബ്രെഡ് കിട്ടുകയും വീടുകളിൽ ബ്രെഡുണ്ടാക്കുന്ന യന്ത്രം വാങ്ങുന്നതിനും മുൻപുള്ള കാലമായിരുന്നു അത്. [33]ഒരു നിയമമായി, പുതിയ നിയമത്തിൽ മോശമായ അർത്ഥത്തിലാണ് ഈസ്റ്റ് ഉപയോഗിച്ചിട്ടുള്ളത്, അത് അനിഷ്ടമായ സ്വാധീനത്തെ ചിത്രീകരിക്കുന്നതിനുവേണ്ടിയായിരുന്നു (മത്തായി 16:6; 1 കൊരിന്ത്യർ 5:6–8; ഗലാത്യർ 5:9). കടുകു മണിയുടെയും പുളിച്ച മാവിന്റെയും ഉപമ ശിഷ്യന്മാരെ വഞ്ചനയുടെ സ്വാധീനത്തിനെതിരായി മുന്നറിയിച്ചതാകാം. സന്ദർഭത്തിൽ, എന്നിരുന്നാലും, രണ്ട് ഉപമകളിലും ഉദ്ദേശിച്ചത് ക്രിയാത്മകമായ കാഴ്ച്ചപ്പാടായിരുന്നു എന്നു വ്യക്തമാണ്. [34]ചിലർ സുവിശേഷ "നിധി" യാദൃശ്ചികമായി കണ്ടെത്തുമ്പോൾ മറ്റുചിലർ അതിനെ അന്വേഷിക്കുന്നതുകൊണ്ടു കണ്ടെത്തുന്നതു എങ്ങനെ എന്നതിന് നിങ്ങൾക്ക് വേണമെങ്കിൽ ഉദാഹരണങ്ങൾ നൽകാം. ഒരുപക്ഷെ ഏറ്റവും സാധാരണമായ രീതിയിൽ പ്രതീക്ഷിക്കാത്ത സമയത്ത് ഒരാൾ സത്യം കണ്ടെത്തുന്നത് അയാളുടെ സ്നേഹിതൻ മുഖാന്തരമോ അല്ലെങ്കിൽ അയാളുടെ പങ്കാളി മുഖാന്തരമോ ആയിരിക്കും.